## പതിമൂന്നാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3053** **22.06.2012 ൽ മറുപടിയ്ക്ക്.**

## ഫാം അഡ്വൈസറി മെസേജിംഗ് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ശബ്ദ സന്ദേശങ്ങൾ, വീഡിയോ ക്ലിപ്പിംഗുകൾ എന്നിവയിലൂടെ ഉൽപ്പന്നങ്ങളുടെ വില. കീടരോഗ നിവാരണ മാർഗ്ഗങ്ങൾ. കാലാവസ്ഥാ വ്യതിയാനങ്ങൾ. വിള പരിപാലന മാർഗ്ഗങ്ങൾ. കൃഷിയിറക്കലിന് അനുയോജ്യമായ സമയം, വിത്തുകളുടെയും മറ്റ് കാർഷിക സാമഗ്രികളുടെയും ലഭ്യത മുതലായ കാര്യങ്ങൾ കർഷകരെ മൊബൈൽ ഫോണിലൂടെ അറിയിക്കാനും അവരുടെ സംശയങ്ങൾ ദൂരീകരിക്കാനുമുള്ള ഫാം അഡ്വൈസറി മെസേജിംഗ് സംവിധാനം സർക്കാർ നടപ്പാക്കിയോ ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ സംവിധാനത്തിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എങ്ങനെയാണ് ; | (ബി) | കൃഷി ഭവനുകളിൽ മൊബൈൽ നമ്പരുകൾ രജിസ്റ്റർ ചെയ്യുന്ന എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. |
| (സി) | സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ഈ സംവിധാനം നിലവിലുള്ളത് ; | (സി) | എല്ലാ ജില്ലകളിലും ഈ സംവിധാനം നിലവിലുണ്ട്. |
| (ഡി) | 2011-12 -ൽ സർക്കാരിന്റെ മുൻഗണനാ പരിപാടിയിൽപ്പെടുത്തിയിരുന്ന ഈ സംവിധാനം ഈ വർഷവും തുടരുമോ ; | (ഡി) | ഈ വർഷവും തുടരുന്നതാണ്. |
| (ഇ) | ഈ പദ്ധതിയ്ക്കായി ഈ വർഷം എന്ത് തുക വകയിരുത്തിയിട്ടുണ്ട് ; | (ഇ) | ഈ വർഷത്തിൽ 15.48 ലക്ഷം രൂപ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമുണ്ട്. ആയത് 'വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. |
| (എഫ്) | കഴിഞ്ഞ വർഷം എന്ത് തുക വകയിരുത്തി ; അതിൽ എത്ര ചെലവഴിച്ചു ; വ്യക്തമാക്കാമോ ? | (എഫ്) | കഴിഞ്ഞ വർഷം 12,04,000 (പന്ത്രണ്ട് ലക്ഷത്തി നാലായിരം രൂപ മാത്രം) രൂപ വകയിരുത്തി. മുഴുവൻ തുകയും ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ